

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2021 ഫെബ്രുവരി 15 – 30

Volume XI V Issue 04

**അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക**





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- MONTHLY
www: **timesofamerica.org**



Managing Editor: **Mathew George**
Tel: 267-991-2111
e-mail:**timesofamerica@yahoo.com**







## സത്യത്തെ സംരക്ഷിക്കാനുള്ള ചുമതല എല്ലാ അമേരിക്കക്കാർക്കുമുണ്ട്: പ്രസിഡന്റ് ബൈഡൻ



വാഷിടംഗ്ടൺ ഡി.സി: ട്രംപിനെ കുറ്റവിമുക്തനാക്കിയത് ജനാധിപത്യത്തിലെ ദുഃഖകരമായ അധ്യായമാണെന്നും

സത്യത്തെ സംരക്ഷിക്കാനുള്ള ചുമതല എല്ലാ അമേരിക്കക്കാർക്കുമുണ്ടെന്നും പ്രസിഡന്റ് ബൈഡൻ പറഞ്ഞു.

ജനുവരി 6ലെ ക്യാപിറ്റോൾ കലാപത്തിനു പ്രേരിപ്പിച്ച കുറ്റത്തിൽ മുൻ പ്രസിഡന്റ് ട്രംപിനെ സെനറ്റ് വെറുതെ വിട്ടതിനോടു പ്രതികരിക്കുകയായിരുന്നു ബൈഡൻ.

സെനറ്റിലെ റിപ്പബ്ലിക്കൻ പാർട്ടി നേതാവ് മിച്ച് മക്കോണലിനെപ്പോലെയുള്ളവർ ട്രംപിനെ അനുകൂലിച്ച് വോട്ടു ചെയ്തെങ്കിലും ക്യാപിറ്റോൾ കലാപം അഴിച്ചുവിട്ടതിൽ പ്രത്യക്ഷമായും ധാർമികമായും ട്രംപിന് ഉത്തരവാദിത്വമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചരിത്രത്തിലെ ഏറ്റവും വലിയ വേട്ടയാടലാണ് തനിക്കു നേരെയുണ്ടായതെന്നു ട്രംപ് പ്രതികരിച്ചു. നീതിക്കുവേണ്ടി നിലകൊള്ളുകയും സത്യത്തെ സംരക്ഷിക്കുകയും ചെയ്ത സ്വന്തം അഭിഭാഷകരെ ട്രംപ് അനുമോദിച്ചു.

## സ്റ്റിമുലസ് ചെക്കിന് അർഹത 60,000 ഡോളർ വ്യക്തിഗത വാർഷികവരുമാനമുള്ളവർക്കെന്ന് ട്രഷറി സെക്രട്ടറി



വാഷിംഗ്ടൺ ഡി.സി: സ്റ്റിമുലസ് ചെക്കിന് അർഹത 60,000 ഡോളർ വ്യക്തിഗത വാർഷികവരുമാനമുള്ളവർക്കെന്ന് ട്രഷറി സെക്രട്ടറി.

വെള്ളിയാഴ്ച പാസാക്കിയ 1.9 ട്രില്യൻ കോവിഡ് 19 റീലിഫ് പാക്കേജിന്റെ ഭാഗമായിട്ടാണ് ഔദ്യോഗിക അറിയിപ്പ് ഉണ്ടായത്.

ഒരു പ്രൈമറി സ്കൂൾ അധ്യാപകനോ, പോലീസുകാരനോ ഏകദേശം 60,000 ഡോളർ വാർഷികവരുമാനം ലഭിക്കുമ്പോൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ പണം കണ്ടെത്തുക വിഷമമാണെന്നും, അങ്ങനെയുള്ളവരെ സഹായിക്കുക എന്നതാണ് ബൈഡൻ അഡ്മിനിസ്ട്രേഷന്റെ നയമെന്നും സെക്രട്ടറി വ്യക്തമാക്കി.

ട്രംപ് ഭരണത്തിൽ സ്റ്റിമുലസ് ചെക്ക് ലഭിക്കുന്നതിന് നിശ്ചയിച്ചിരുന്ന വ്യക്തിഗത വാർഷിക വരുമാനം 75,000

**– പി.പി.ചെറിയാൻ**

ഡോളറായിരുന്നു. എന്നാൽ അത് 50000മായി കുറയ്ക്കുകയെന്ന തീരുമാനം ശരിയല്ല എന്നതിനാലാണ് 60000 ആയി നിശ്ചയിച്ചത്.

ഡമോക്രാറ്റിക് പാർട്ടിക്ക് ഇതുവരെ വ്യക്തമായ ഒരു തീരുമാനം സ്റ്റിമുലസ് ചെക്കിന്റെ കാര്യത്തിൽ കണ്ടെത്താനായിട്ടില്ലെങ്കിലും, രണ്ടാഴ്ചക്കകം സ്റ്റിമുലസ് ചെക്കുകൾ ലഭിച്ചു തുടങ്ങുമെന്നാണ് സ്പീക്കർ നാൻസി പെലോസി നല്കുന്ന ഉറപ്പ്.

## ആദ്യമായി വനിത നിയമനവുമായി ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ: ബിഷപ്പുമാരുടെ സിനഡിൻെറ അണ്ടർ സെക്രട്ടറിയായി ആദ്യമായി വനിത നിയമനവുമായി ഫ്രാൻസിസ് മാർപാപ്പ.

ഫ്രഞ്ച് വനിതയായ സിസ്റ്റർ നതാലിയ ബെകാർ ട്ടിനെയാണ് സിനഡിൽ പുതുതായി അണ്ടർ സെക്രട്ടറിയായി നിയമിച്ചത്.

2019 മുതൽ സിനഡിലെ കൺസൽട്ടന്റാണ് നതാലിയ. നതാലിയയ്ക്ക് വോട്ടവകാശവും ഉണ്ട്. മാനേജ്മെൻ റിൽ ബിരുദാനന്തര ബിരുദധാരിയാണ് 52കാരിയായ നതാലിയ. ചർച്ചുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിലുൾപ്പെടെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൻെറ ഭാഗമായാണ് പുതിയ തീരുമാനമെന്ന് കർദിനാൾ മരിയോ ഗ്രെച്ച് അറിയിച്ചു. കഴിഞ്ഞ സിനഡ് യോഗങ്ങളിൽ പ്രധാനികളായി പങ്കെടുക്കുന്ന സ്ത്രീകളുടെ എണ്ണം വർധിച്ചിരുന്നു.

എന്നാൽ, ഇവർക്ക് വോട്ടവകാശം ഉണ്ടായിരുന്നില്ല. സിസ്റ്റർ നതാലിയയെ പോപ്പ് നാമനിർദേശം ചെയ്തതോടെ പുതിയ വാതിലാണ് തുറന്നിരിക്കുന്നത്. ബിഷപ്പുമാർക്കും കർദിനാൾമാർക്കും നിർണായക സ്വാധീനമുള്ള സിനഡിലെ വിദഗ്ധ കമ്മിറ്റി അംഗങ്ങൾക്ക് പലർക്കും വോട്ടവകാശം ഇല്ലായിരുന്നു. വോട്ടവകാശത്തോടെ സിസ്റ്റർ നതാലിയയെ നിയമിക്കുന്ന പോപ്പിൻെറ തീരുമാനത്തിന് സ്ത്രീകൾ വലിയ പിന്തുണയാണ് നൽകുന്നത്.

## ഗാന്ധിപ്രതിമ– ആക്രമണത്തെ അപലപിച്ചു



വാഷിംഗ്ടൺ ഡി.സി: കാലിഫോർണിയയിൽ ഗാന്ധി പ്രതിമയ്ക്ക് നേരെയുണ്ടായ ആക്രമണത്തെ പ്രസിഡന്റ് ജോ ബൈഡന്റെ പ്രസ് സെക്രട്ടറി ജെൻ സാകി അപലപിച്ചു. സംഭവത്തിലുള്ള ആശങ്ക അവർ പ്രകടിപ്പിച്ചു.

ഇക്കാര്യത്തിൽ പ്രസിഡന്റിന്റെ പ്രതികരണം എന്താണെന്നുള്ള മാധ്യമപ്രവർത്തകന്റെ ചോദ്യത്തിന് പ്രസിഡന്റിന്റെ വീക്ഷണത്തിൽ ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പങ്കുവയ്ക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ മുൻപിൽ വീണ്ടും വരാൻ എനിക്ക് സന്തോഷമേയുള്ളൂ എന്നാണ് സാകിയുടെ പ്രതികരണം.

ബൈഡൻ ഭരണകൂടത്തോട് ഹിന്ദു അമേരിക്കൻ ഫൗണ്ടേഷൻ ഈ ഹീനകൃത്യത്തിനെതിരെ അന്വേഷണം ആവശ്യപ്പെട്ടിരുന്നു.

ജനുവരി 26നാണ് ഡേവിസിലുള്ള ഗാന്ധി പ്രതിമ അക്രമികൾ അറുത്തു മാറ്റിയത്. കഴിഞ്ഞ വർഷം ജൂണിൽ പ്രതിമയ്ക്ക് കീഴിൽ അസഭ്യങ്ങൾ എഴുതിയിരുന്നതായും റിപ്പോർട്ടുണ്ട്.

ഇത്തരം വിനാശകരമായ പ്രവർത്തനങ്ങൾ നമ്മുടെ കമ്യൂണിറ്റി മാനദണ്ഡങ്ങളുമായ പൊരുത്തപ്പെടുന്നില്ലായെന്ന് എച്ച്എഎഫ് കാലിഫോർണിയ അഡ്വക്കസി ഡയറക്ടർ ഈസൻ കാറ്റിർ പറഞ്ഞു. 2016ലാണ് ഡേവിസിൽ ഗാന്ധിപ്രതിമ അനാച്ഛാദനം ചെയ്തത്.

REST IN PEACE



## നിയമസഭ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾക്ക് തുടക്കമായി ഐഒസി ന്യൂയോർക്ക് റീജിയൻ ചർച്ച 20ന്

– ഫ്രാൻസിസ് തടത്തിൽ



ന്യൂജേഴ്സി: നിയമസഭ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾക്ക് തുടക്കമായി ഐഒസി ന്യൂയോർക്ക് റീജിയൻ ചർച്ച 20ന് ന്യൂയോർക്ക് സമയം 10ന് (ഇന്ത്യൻ സമയം രാത്രി 8.30ന്) വെർചലിൽ.

നിയമസഭാതിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണിത്. ഇടുക്കി ലോകസഭാംഗം ഡീൻ കുര്യാക്കോസ് എം.പി, വി.ഡി.സതീശൻ എം.എൽ.എ, കെ.പി.സി.സി ജനറൽ സെക്രട്ടറി ടോമി കല്ലാനി തുടങ്ങിയവർ പങ്കെടുക്കും.

ഐഒസി കേരള ചാപ്റ്റർ ന്യൂയോർക്ക് റീജിയൻ പ്രസിഡന്റ് വർഗീസ് പോത്താനിക്കാട് അധ്യക്ഷത വഹിക്കും. കേരള ചാപ്റ്റർ പ്രസിഡന്റ് ലീലാ മാരേട്ട്, ചെയർമാൻ സാം പിട്രോഡോ, നാഷണൽ പ്രസിഡന്റ് മൊഹിന്ദർ സിംഗ്, വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം, നാഷണൽ വൈസ് പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ, ന്യൂയോർക്ക് റീജിയണൽ ചെയർമാൻ തോമസ് കോശി തുടങ്ങിവർ പ്രസംഗിക്കും.

കൂടുതൽ വിവരങ്ങൾക്ക്

വർഗീസ് പോത്താനിക്കാട് 917 488 2590, ലീലാ മാരേട്ട് 646 539 8443, പോൾ കറുകപ്പിള്ളിൽ 845 553 5671.

## പ്രണയദിനം ആഘോഷിക്കാൻ ആദ്യഗാനവുമായി ടീം സാൽമൺ ത്രി ഡി

– സെബാസ്റ്റ്യൻ ആന്റണി



ന്യൂജേഴ്സി: പ്രണയദിനം ആഘോഷിക്കാൻ ത്രി ഡി ചിത്രത്തിലെ ആദ്യഗാനമെത്തുന്നു.

ഫെബ്രുവരി 14ന് പ്രണയദിനത്തിൽ വൈകിട്ട് 5ന് ടി സീരിസ് ലഹരിയുടെ വെബ്സൈറ്റ് വഴിയാണ് ആദ്യഗാനമെത്തുന്നത്.

വിജയ് യേശുദാസും ജോനിറ്റയുമാണ് വേഷമിടുന്നത്. നവീൻ കണ്ണന്റെ രചനയിൽ ശ്രീജിത്ത് എടവന സംഗീതം നൽകിയ ഗാനത്തിന് നൃത്തസംവിധാനമൊരുക്കിയത് അയ്യപ്പദാസാണ്.

ലണ്ടനിൽ റെക്കോർഡ് ചെയ്ത ഗാനത്തിന് കൊച്ചിയിൽ മിക്സിംഗ് നിർവ്വഹിച്ച് കാനഡയിലാണ് മാസ്റ്ററിംഗ് ചെയ്തത് എന്ന പ്രത്യേകതയുമുണ്ട്. രാഹുലും സെൽവിനുമാണ് ക്യാമറദൃശ്യങ്ങളൊരുക്കിയത്.

ഡോൾസ്, കാട്ടുമാക്കൻ എന്നീ ചിത്രങ്ങൾക്കുശേഷം മലയാളിയായ ഷലീൽ കല്ലൂർ രചനയും സംവിധാനവും നിർവ്വഹിക്കുന്ന ത്രി ഡി റൊമാന്റിക് സസ്പെൻസ് ത്രില്ലർ ചിത്രമാണ് സാൽമൺ എം.ജെ.എസ് മീഡിയായുടെ ബാനറിൽ ഷാജു തോമസ് (യു.എസ്എ), ജോസ് ഡി പെക്കാട്ടിൽ, ജോയ്സ് ഡി പെക്കാട്ടിൽ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന സാൽമൺ ത്രി ഡി ഏഴു ഭാഷകളിൽ ഒരേസമയം റിലീസ് ചെയ്യും.

## ഡബിൾ മാസ്കിങ് കൂടുതൽ ഫലപ്രദം

വാഷിംഗ്ടൺ: കോവിഡ് ദുരിത മാരിയെ പ്രതിരോധിക്കാൻ മാസ്ക്കുകൾ മെച്ചപ്പെടുത്തുന്ന പുതിയ രീതിയിൽ യുഎസ് സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവൻഷൻ നടത്തിയ പരീക്ഷണത്തിൽ ഡബിൾ മാസ്കിങ് കൂടുതൽ ഫലപ്രദമെന്ന് കണ്ടെത്തൽ.

തുണികൊണ്ടുള്ള മാസ്കിന്റെയും മെഡിക്കൽ മാസ്കിന്റെയും സംയോജനമാണ് ഡബിൾ മാസ്കിങ്. ഇങ്ങനെ ഒരേസമയം രണ്ടു മാസ്ക് ധരിക്കുന്നയാൾക്ക് വൈറസ് ബാധിക്കാൻ 90 ശതമാനത്തിലധികം സാധ്യത കുറയുമെന്ന് സൂചന. സിഡിസി ബുധനാഴ്ച പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു.

## വാഹനാപകടത്തിൽ നൂറിലധികം വാഹനങ്ങൾ കൂട്ടിയിടിച്ച് ആറു മരണം; നിരവധി പേർക്ക് പരിക്കുമേറ്റു



– പി.പി.ചെറിയാൻ

ഫോർട്ട്‌വർത്ത്: ഇന്റർ സ്റ്റേറ്റ് 35 ഡബ്ല്യുവിലുണ്ടായ വാഹനാപകടത്തിൽ നൂറിലധികം വാഹനങ്ങൾ കൂട്ടിയിടിച്ച് ആറു മരണവും നിരവധി പേർക്ക് പരിക്കുമേറ്റു.

ബുധനാഴ്ച രാത്രി മുതൽ ഡാളസ് ഫോർട്ട് വർത്ത് മെട്രോ പ്ലെക്സിൽ ആരംഭിച്ച അതിശൈത്യത്തിൽ ഐസ് രൂപപ്പെട്ടതിനെ തുടർന്ന് വാഹനങ്ങൾ തെന്നിമാറിയതാണ് അപകടകാരണം.

ഫോർട്ട്‌വർത്ത് സൗൺ ടൗണിനു വടക്കു ഭാഗത്തു ഇന്റർസ്റ്റേറ്റ് ഹൈവേയിൽ ഒരു മൈൽ നീളത്തിലാണ് വാഹനങ്ങൾ ഇടിച്ചു കയറിയത്. ഒടുവിൽ കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ അറുപതോളം പേരെ വിവിധ ആശുപത്രികളിൽ പ്രവേശിച്ചിട്ടുണ്ട്. ഹൈപ്പോ തെർമിയ ബാധിച്ച നിരവധി യാത്രക്കാർക്കും ചികിത്സ വേണ്ടിവന്നു.

## നയാഗ്ര മലയാളി സമാജത്തിന്റെ സാമൂഹിക സേവന പദ്ധതി തണൽമരത്തിനു തറക്കല്ലിട്ടു



– ആസാദ് ജയൻ

നയാഗ്ര മലയാളി സമാജത്തിന്റെ സാമൂഹിക സേവന പദ്ധതിയായ തണൽ മരത്തി നു കീഴിൽ ആദ്യമായി നിർമ്മിച്ചു നൽകുന്ന ഭവനത്തിനു തറക്കല്ലിട്ടു.

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ചേലച്ചുവട് ഗ്രാമത്തിലെ കഞ്ഞിക്കുഴി ബിനു വർഗീസ് ഷിന്റു ഇന്ദു ദമ്പതികൾക്ക് വീട് എന്ന സ്വപ്നം പൂർത്തീകരിക്കുന്നതിനാണ് നയാഗ്ര മലയാളിസമാജം സഹായമൊരുക്കുന്നത്.

തറക്കല്ലിടീൽ കർമ്മം റോഷി അഗസ്റ്റിൻ എം.എൽ.എ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജോസ് തായങ്കരി, സോയിമോൻ സണ്ണി, പദ്ധതിയുടെ കോർഡിനേറ്ററായ ഇമ്മാനുവേൽ അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു. ചുരുളി സെന്റ് തോമസ് ഫോറാനെ പള്ളി വികാരി ഫാ.തോമസ് ആനക്കുഴിക്കാട്ടിൽ വെഞ്ചരിപ്പ് നടത്തി.

സഹായങ്ങളും സേവനപരിപാടികളും കൂടുതൽ പേരിലെത്തിക്കുന്നതിന് പ്രസിഡന്റ് ബൈജു പകലോമറ്റത്തിന്റെ നേതൃത്വത്തിൽ സാമ്പത്തികസമാഹരണം നടത്തുന്നു.

വൈസ് പ്രസിഡന്റ് ബിമിൻസ് കുര്യൻ, സെക്രട്ടറി എൽഡ്രിഡ് കാവുങ്കൽ, ട്രഷറർ ടോണി മാത്യു, ജോയിന്റ് സെക്രട്ടറി കവിത പിന്റോ, ജോയിന്റ് ട്രഷറർ ബിന്ധ്യ ജോയ്, കമ്മിറ്റി അംഗങ്ങളായ ആഷ്‌ലി ജോസഫ്, രാജേഷ് പാപ്പച്ചൻ, നിത്യാ ചാക്കോ, സുനിൽ ജോക്കി, ഓർഡിറ്റർ പിന്റോ ജോസഫ്, ഡയറക്ടർ ബോർഡ് അംഗങ്ങളായ ജയ്മോൻ മാപ്പിളശ്ശേരിൽ, ഡെന്നി കണ്ണൂക്കാടൻ, കോശി കാഞ്ഞൂപ്പറമ്പൻ എന്നിവരും പ്രവർത്തിച്ചുവരുന്നു.

## ഒക്‌ലഹോമയിൽ 5 കുട്ടികൾ ഉൾപ്പെടെ 6 പേർ കൊല്ലപ്പെട്ടു. കുടുംബാംഗങ്ങൾ സഹായം അഭ്യർത്ഥിക്കുന്നു

ഒക്‌ലഹോമ: ഒക്‌ലഹോമ മസക്കോയിലെ വീട്ടിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ അഞ്ചു കുട്ടികളുടെയും ഒരു പുരുഷന്റെയും കുടുംബാംഗങ്ങൾ ശവസംസ്കാരത്തിനും മറ്റു ചെലവുകൾക്കുമായി സഹായം അഭ്യർത്ഥിക്കുന്നു. വെടിവയ്പിൽ ഗുരുതരമായി പരിക്കേറ്റ മാതാവിന്റെ സഹോദരിയാണ് ഇവർക്കുവേണ്ടി ഗൊ ഫണ്ടു മീ അക്കൗണ്ട് തുറന്നിരിക്കുന്നത്.

ചൊവ്വാഴ്ചയായിരുന്നു സംഭവം. വെടിവയ്പ്പ് നടക്കുന്നുവെന്ന വിവരം ലഭിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ പോലീസ് വെടിയുതിർക്കുന്ന ജറോണെ(25) പിടികൂടി. പരിക്കേറ്റ മാതാവിനെയും ഒരു കുട്ടിയേയും ആശുപത്രിയിലെത്തിച്ചുവെങ്കിലും കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

# ചിക്കാഗോ മലയാളി അസോസിയേഷൻ വനിതാ ദിനം മാർച്ച് 6ന്

– ജോഷി വള്ളിക്കളം



ചിക്കാഗോ: ഇന്റർനാഷണൽ വിമൻസ് ഡേയോടനുബന്ധിച്ച് ചിക്കാഗോ മലയാളി അസോസിയേഷൻ മാർച്ച് 6ന് വൈകിട്ട് 7ന് വനിതാ ദിനം ആചരിക്കുന്നു.

സിഎംഎ വനിത ഫോറം ചെയർപേഴ്സൺമാരായ ലീല ജോസഫ്, മേഴ്സി കുര്യാക്കോസ്, ജനറൽ കോർഡിനേറ്റർ റോസ് വടകര, കോർഡിനേറ്റർമാരായ ജസി റിൻസി, ആഗ്നസ് മാത്യു, ഷൈനി ഹരിദാസ്, ബീന കണ്ണൂക്കാടൻ, ജൂബി വള്ളിക്കളം, ഷാന മോഹൻ, ജോമോൾ ചെറിയത്തിൽ, ശ്രീദേവി പന്തളം, സൂസൻ ചാക്കോ, സാറ അനിൽ, ബ്രിജിറ്റ് ജോർജ് എന്നിവർ നേതൃത്വം വഹിക്കും.

സൂം പരിപാടിയിലേക്ക് മലയാളികളെ സ്വാഗതം ചെയ്യുന്നതായി അസോസിയേഷൻ പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടൻ, സെക്രട്ടറി ജോഷി വള്ളിക്കളം എന്നിവർ അറിയിച്ചു.

# ആരാധനാ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ച് സുപ്രീം കോടതി

– പി.പി.ചെറിയാൻ

കാലിഫോർണിയ: ബിസിനസ്സ് സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകിയിട്ടും ആരാധനാലയങ്ങൾ അടച്ചിടണമെന്ന കാലിഫോർണിയ സംസ്ഥാന ഉത്തരവിനെതിരെ സുപ്രീം കോടതി.

ഹാർവെസ്റ്റ് റോക്ക് ചർച്ച്, സൗത്ത് യുണൈറ്റഡ് പെന്റകോസ്തൽ ചർച്ച് എന്നീ ദേവാലയങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവ് ചോദ്യം ചെയ്ത് സമർപ്പിച്ച അപ്പീലിൽ ഫെബ്രുവരി 5ന് സുപ്രീം കോടതി ഉത്തരവിട്ടു.

1250 പരം സീറ്റുകളുള്ള ഹാർവെസ്റ്റ് റോക്ക് ചർച്ചിലെ എട്ടു മാസമായി മുടങ്ങിക്കിടക്കുന്ന ആരാധന പുനരാരംഭിക്കുന്നതിന് ലഭിച്ച അനുമതി സന്തോഷകരമാണെന്ന് ചർച്ച് പാസ്റ്റർ പറഞ്ഞു.

# മഹാത്മാ ഗാന്ധിജിയുടെ പ്രതിമ തകർത്ത നടപടി അങ്ങേയറ്റം അപലനീയമാണെന്ന് ഫൊക്കാന നേതൃത്വം

– ജോയിച്ചൻ പുതുക്കുളം

ന്യൂജേഴ്സി: കാലിഫോർണിയയിലെ സാക്രമെന്റോ സിറ്റിയിലെ ഡേവിസ് സെൻട്രൽ പാർക്കിൽ സ്ഥാപിച്ചിരുന്ന മഹാത്മാ ഗാന്ധിജിയുടെ പ്രതിമ തകർത്ത നടപടി അങ്ങേയറ്റം അപലപനീയമാണെന്ന് ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ്. ഇന്ത്യയുടെ അഖണ്ഡതയെ ശിഥിലീകരിക്കാൻ ശ്രമിക്കുന്ന ഒരുകൂട്ടം സാമൂഹിക വിരുദ്ധർ ഗാന്ധി പ്രതിമ തച്ചുടച്ചത് രാഷ്ട്ര പിതാവിനെ അപമാനിക്കാനും ലോകം മുഴുവനുമുള്ള ഇന്ത്യക്കാരുടെ വികാരത്തെ വൃണപ്പെടുത്താനുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യക്കാരുടെ വികാരം വൃണപ്പെടുത്തിയ ഈ കിരാത നടപടിയിൽ നയതന്ത്ര തലത്തിൽ ഇടപെടലുകൾ നടത്തണമെന്ന് കാലിഫോർണിയയിലെ ഇന്ത്യൻ കോൺസിലറിനോട് അഭ്യർത്ഥിക്കാനും പ്രസിഡണ്ട് ജോർജി വർഗീസിന്റെ അധ്യക്ഷത്തിൽ കൂടിയ പ്രതിഷേധ യോഗം തീരുമാനിച്ചു.

ഈ സംഭവത്തിനുത്തരവാദികളായവരെ നീതിക്ക് മുമ്പിൽ കൊണ്ടുവരാൻ പ്രസിഡണ്ട് ജോ ബൈഡൻ ഫെഡറൽ അന്വേഷണത്തിന് ഉത്തരവിടണമെന്നും ഇന്ത്യൻ എംബസി വഴി ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു.

പ്രസിഡണ്ട് ജോർജി വർഗീസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ.സജിമോൻ ആന്റണി, ട്രഷറർ സണ്ണി മറ്റമന, ട്രസ്റ്റി ബോർഡ് ചെയർമാൻ ഫിലിപ്പോസ് ഫിലിപ്പ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ജെയ്ബു മാത്യു, വൈസ് പ്രസിഡണ്ട് തോമസ് തോമസ്, അസോസിയേറ്റ് സെക്രട്ടറി ഡോ. മാത്യു വർഗീസ്, അസോസിയേറ്റ് ട്രഷറർ വിപിൻ രാജ്, അഡിഷണൽ അസോസിയേറ്റ് സെക്രട്ടറി ജോജി തോമസ്, അഡിഷണൽ അസോസിയേറ്റ് ട്രഷറർ ബിജു ജോൺ കൊട്ടാരക്കര, വിമൻസ് ഫോറം ചെയർപേഴ്സൺ ഡോ. കല ഷഹി, ഇന്റർനാഷണൽ കോർഡിനേറ്റർ പോൾ കറുകപ്പള്ളിൽ, അൺ ട്രസ്റ്റി ബോർഡ് ചെയർമാൻ ഡോ. മാമ്മൻ സി. ജേക്കബ്, ഫൊക്കാന എക്സിക്യൂട്ടീവ് നാഷണൽ കമ്മിറ്റി മെമ്പർമാർ, ട്രസ്റ്റി ബോർഡ് മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു.

# കേരള സമാജം സൗത്ത് ഫ്ളോറിഡയുടെ ചാരിറ്റി പ്രവർത്തനോദ്ഘാടനം നടന്നു




– ജോയിച്ചൻ പുതുക്കുളം

ഫ്ളോറിഡ: കേരള സമാജം സൗത്ത് ഫ്ളോറിഡയുടെ 2021ലെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 20 വീൽചെയറുകൾക്കുള്ള തുക സാജു വടക്കേലിൽ നിന്നും സ്വീകരിച്ച് കൊണ്ട് സമാജം പ്രസിഡന്റ് ജോർജ് മാലിയിൽ നിർവ്വഹിച്ചു.

സമാജം സെക്രട്ടറി ജയിംസ് മറ്റം, ട്രഷറാർ മോൻസി ജോർജ്, കമ്മറ്റി അംഗങ്ങളും അഭ്യുദയകാംക്ഷികളും സന്നിഹിതരായിരുന്നു.

കേരളത്തിലുള്ള നിർദ്ധരരായ വികലാംഗർക്ക് വീൽചെയർ സംഭാവന ചെയ്യുന്ന പദ്ധതിയുടെ ഭാഗമാണ് ഇത്.

# ഫൊക്കാനയുടെ നേതൃത്വത്തിൽ അക്ഷരജ്വാലയുടെ പ്രവർത്തനം സജീവമാവുന്നു













– ജോയിച്ചൻ പുതുക്കുളം

ഫ്ലോറിഡ: മലയാളിക്കും, മലയാള നാടിനും അഭിമാനമായി അമേരിക്കയിൽ അക്ഷരജ്വാലയുടെ പ്രവർത്തനം സജീവമാവുന്നു. അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയും സാംസ്കാരിക സംഘടനയുമായ ഫൊക്കാനയുടെ നേതൃത്വത്തിൽ ആരംഭിച്ച അക്ഷരജ്വാല നിരവധി യുവാക്കളെ മലയാള ഭാഷയുടെയും കേരളത്തിന്റെ തനതായ സംസ്കാരത്തേയും അടുത്തറിയാൻ സജ്ജരാക്കുകയാണ്.

പവിത്രമായ നമ്മുടെ സംസ്കാരത്തിന്റെ സംരക്ഷകരും പ്രചാരകരുമായി ഓരോ മലയാളിയുടെയും മനമറിഞ്ഞ് പ്രവർത്തിക്കുന്ന ഫൊക്കാന ദീർഘവീക്ഷണത്തോടുകൂടി ആരംഭിച്ച അക്ഷരജ്വാല ക്രിയാത്മകപ്രവർത്തന ശൈലിയോടും കൂടി അതിന്റെ പുതിയ കർമ്മ പദ്ധതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

മലയാള ഭാഷ സംരക്ഷിക്കുക, വളർത്തുക, വിപുലീകരിക്കുക എന്നത് ലക്ഷ്യമായി കാണുന്ന ഫൊക്കാന യുവതലമുറയിലേക്ക് ഭാഷാജ്ഞാനവും സാംസ്കാരിക പൈതൃകങ്ങളും എത്തിച്ചു കൊടുക്കാൻ നടത്തുന്ന വിപുലമായ പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തതാണ് അക്ഷര ജ്വാല. ലോകത്തെവിടെയായാലുംമലയാളം വളരണം, മനസും വളരണംഎന്ന നിശ്ചയ ദാർഢ്യമാണ് ഫൊക്കാനയ്ക്കുള്ളത്. അതിന്റെ ഭാഗമായാണ് അമേരിക്കയിൽ മലയാളം അക്കാദമി എന്ന ആശയം പ്രാവർത്തികമാവുന്നത്. അക്ഷരജ്വാലയുടെ പ്രവർത്തനം ഫൊക്കാനയുടെ ഏറ്റവും വലിയ ജനകീയ പദ്ധതിയാക്കി മാറ്റാനുള്ള ശ്രമത്തിലാണ് സംഘാടകർ.

കേരള സർക്കാരിന്റെ മലയാളം മിഷൻ, ഏഷ്യാനെറ്റ് ന്യൂസിന്റെ ഭാഗമായ മലയാളം എന്റെ മലയാളം, ടെക്സാസ് യൂണിവേഴ്സിറ്റിയിലെ മലയാളം ഡിപ്പാർട്മെന്റിന്റെ ഭാഗമായ ഭാഷാ വിപുലീകരണ വിഭാഗം തുടങ്ങിയവയുമായി യോജിച്ചാണ് ഫൊക്കാനയുടെ മലയാളം അക്കാഡമി പ്രവർത്തിക്കുന്നത്. കൂടാതെ ഫൊക്കാനയുടെ ആദ്യത്തെ സിഗ്നേച്ചർ പദ്ധതിയായ ഭാഷക്കൊരു ഡോളർ എന്ന പദ്ധതിയും മലയാളം അക്കാഡമിയുടെ ഭാഗമാണ്. പരിചയ സമ്പന്നരായ അധ്യാപകരുടെ കീഴിൽ അഞ്ച് ഘട്ടങ്ങളിലായാണ് പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത്.

## കോവിഡ് പ്രതിരോധം

## ഭയമല്ല; കരുതലാണ് പ്രധാനം

## യമുന ദേവി ശ്രീധരന്റെ കുടുംബത്തെ സഹായിക്കാൻ ഫണ്ട് സമാഹരിക്കുന്നു



ഹൂസ്റ്റൺ: അകാലത്തിൽ അന്തരിച്ച യമുന ദേവി ശ്രീധരന്റെ (46) കുടുംബത്തെ സഹായിക്കുവാൻ കേരള ഹിന്ദു സൊസൈറ്റി ഹൂസ്റ്റന്റെ നേതൃത്വത്തിൽ ഫണ്ട് സമാഹരിക്കുന്നു.

ശ്വാസതടസത്തെ തുടർന്ന് മെമ്മോറിയൽ ഹെർമ്മൻ ആശുപത്രിയിൽ വെച്ചായിരുന്നു വ്യാഴാഴ്ച അന്ത്യം.

സത്യാ ഗ്രോസ്ഴ്സ് ഉടമ രമേശ് ശ്രീധരന്റെ ഭാര്യയാണ്. മക്കൾ വൈഷ്ണവി, മനു

Fundraiser by Kerala Hindu Society
Huston: smtyamuna Devi Remesh (46 Years)
gofundme.com

## ഫൊക്കാന തെരഞ്ഞെടുപ്പ് കേസ് ന്യൂയോർക്ക് ക്വീൻസ് കൗണ്ടി കോടതിയിലേക്ക് തിരിച്ചയച്ചു

**- ജോയിച്ചൻ പുതുക്കുളം**

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന)യുടെ 2020ലെ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ന്യൂയോർക്ക് ക്വീൻസ് കൗണ്ടി കോടതിയിൽ ലീല മാരേട്ട്, അലക്സ് തോമസ്, ജോസഫ് കുരിയപ്പുറം എന്നിവർ ചേർന്ന് സമർപ്പിച്ച ഹർജി മെരിലാന്റിലെ യു എസ് ഡിസ്ട്രിക്റ്റ് കോടതിയിലേക്ക് മാറ്റിയ നടപടി അനുചിതമാണെന്ന് കോടതി.

ഈ കേസിൽ എതിർകക്ഷികൾ നൽകിയ അപേക്ഷ പരിഗണിച്ചാണ് മെരിലാന്റിലുള്ള യു എസ് ഡിസ്ട്രിക്റ്റ് കോടതിയുടെ ഗ്രീൻബെൽറ്റ് ഡിവിഷനിലേക്ക് കേസ് മാറ്റിയത്.

2020 ആഗസ്റ്റ് മാസത്തിൽ ക്വീൻസ് കൗണ്ടി കോടതിയിൽ വാദി ഭാഗം സമർപ്പിച്ച ഹർജി (കേസ് നമ്പർ 71 2736/20) പരിഗണിക്കവേയാണ് എതിർഭാഗത്തിന്റെ അപേക്ഷ കോടതി പരിഗണനയ്ക്കെടുത്തത്. ഫൊക്കാന എന്ന സംഘടന മെരിലാന്റ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, അവിടെ നികുതി അടച്ചുവരുന്നതുമായ ഒരു ലാഭരഹിത സംഘടനയാണെന്നുമാണ് എതിർ കക്ഷികളുടെ സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നത്. കൂടാതെ, പരാതിക്കാരായ ലീലാ മാരേട്ട്, ജോസഫ് കുരിയപ്പുറം, അലക്സ് തോമസ് എന്നിവർ ന്യൂയോർക്ക് സംസ്ഥാനത്തും, എതിർ കക്ഷികൾ മെരിലാന്റ് അടക്കമുള്ള മറ്റു സംസ്ഥാനങ്ങളിലുമായതിനാൽ കേസിലെ നാനാത്വം കണക്കിലെടുക്കണമെന്നും അവർ കോടതിയോട് ആവശ്യപ്പെട്ടിരുന്നു. കേസ് ന്യൂയോർക്ക് ക്വീൻസ് കൗണ്ടി സുപ്രീം കോടതിയിലല്ല വാദം കേൾക്കേണ്ടത്, മറിച്ച് മെരിലാന്റിലെ യു എസ് ഡിസ്ട്രിക്റ്റ് കോടതിയിലാണെന്നും എതിർകക്ഷികൾ വാദിച്ചു. അതു പ്രകാരമാണ് കേസ് മെരിലാന്റിലേക്ക് മാറ്റിയത്.

എന്നാൽ, കേസ് മെരിലാന്റ് ഡിസ്ട്രിക്റ്റ് കോടതിയിലേക്ക് മാറ്റിയ നടപടി അനുചിതമാണെന്നാണ് മെരിലാന്റ് ഫെഡറൽ കോടതി ജഡ്ജി ജോർജ് എച്ച് ഹേസലിന്റെ ഉത്തരവിൽ പറയുന്നത്. അതുകൊണ്ട് കേസ് ക്വീൻസ് കൗണ്ടി കോടതിയിലേക്കു തന്നെ തിരിച്ചയക്കാനും ജഡ്ജി ഉത്തരവിട്ടു. ഈ കേസിന്റെ തുടർ നടപടികളെല്ലാം ഇനി ക്വീൻസ് കൗണ്ടി കോടതിയിലായിരിക്കും നടക്കുക.

1983ൽ രൂപീകൃതമായ, അമേരിക്കൻ മലയാളി സംഘടനകളുടെ കേന്ദ്ര സംഘടനയായ ഫെഡറേഷൻ ഓഫ് കേരള അസ്സോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന) 1985ൽ ന്യൂയോർക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയാണ്.

## എൻ.എസ്.എസ് കാനഡക്ക് പുതിയ സാരഥികൾ



എൻ.എസ്.എസ്. കാനഡയക്ക് നവനേതൃത്വം. വെർച്വൽ പൊതുയോഗത്തിൽവച്ചാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

ബാബുരാജൻ നായർ നേതൃത്വം നൽകി. ശശിധരൻ നായരുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുപ്പു നടന്നു.

സുനിൽകുമാർ നായർ (പ്രസിഡന്റ്), ജയേഷ് മേനോൻ (സെക്രട്ടറി), രവീൺ മേനോൻ (വൈസ് പ്രസിഡന്റ്), ശശികുമാർ നായർ (ട്രഷറർ), ഗായത്രിദേവി വിജയകുമാർ, മീര പ്രശാന്ത്, ജയമോഹൻ മേനോൻ, രേഷ്മ ബിനു, ഗീതാഞ്ജലി രജീഷ് എന്നിവർ ഡയറക്ടർമാരായും ചുമതലയേറ്റു. രവീൺ മേനോൻ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.

## സാൻഫ്രാൻസിസ്കോ ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന് പുതിയ സാരഥികൾ



**- ജോമോൻ ജോസ്**

കാലിഫോർണിയ: ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് സാൻഫ്രാൻസിസ്കോ ചാപ്റ്ററിന്റെ പ്രഥമ മീറ്റിംഗിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

നാഷണൽ പ്രസിഡന്റ് ജോബി ജോർജ്, ലോസ് ആഞ്ചലസ് ചാപ്റ്റർ പ്രസിഡന്റ് ജോൺസൺ ചീക്കൻപറമ്പിൽ, എസ്എഫ്ഒ ചാപ്റ്റർ പ്രസിഡന്റ് അനിൽ ജോസഫ് മാത്യു എന്നിവർ പ്രസംഗിച്ചു.

അനിൽ ജോസഫ് മാത്യു (പ്രസിഡന്റ്), ബിനോയ് ജോർജ് (വൈസ് പ്രസിഡന്റ്), തോമസ് പട്ടർമഡ് (വൈസ് പ്രസിഡന്റ്), സജി ജോർജ് (ട്രഷറർ), റെനി അലക്സാണ്ടർ (ജോയിന്റ് ട്രഷറർ), ജോമോൻ ജോസ് (സെക്രട്ടറി), ജോഷ് കോശി (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് പുതിയ ഭാരവാഹികൾ.

## പതിമൂന്നായിരം അമേരിക്കൻ എയർ ലൈൻസ് ജീവനക്കാർക്ക് ലെ ഓഫ് നോട്ടീസ്




**- പി.പി.ചെറിയാൻ**

ഡാളസ്: ഡാളസ് ഫോർട്ട് വർത്ത് ആസ്ഥനമായി പ്രവർത്തിക്കുന്ന അമേരിക്കൻ എയർലൈൻസ് പാൻഡമിക്കിനെ തുടർന്ന് യാത്രക്കാരുടെ എണ്ണത്തിൽ വളരെ കുറവ് അനുഭവപ്പെടുകയും സാമ്പത്തിക ബാധ്യത കൂടിവരികയും ചെയ്ത സാഹചര്യം തരണം ചെയ്യുന്നതിന് മാനേജ്മെന്റ് ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനു തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 13000 ജീവനക്കാർക്ക് ഫർലൊ നോട്ടീസ് നൽകി. ജീവനക്കാരെ ലെ ഓഫ് ചെയ്യുന്നതിന് 60 ദിവസം മുമ്പ് നോട്ടീസ് നൽകിയിരിക്കണമെന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഫർലൊ നോട്ടീസ് നൽകിയിട്ടുള്ളത്.

പാൻഡമിക്കിനെ തുടർന്ന് ഫെഡറൽ ഗവൺമെന്റു നൽകിയിരുന്ന സാമ്പത്തിക സഹായം മാർച്ച് 31ന് മുമ്പ് അവസാനിക്കുമെന്നും ലെ ഓഫിനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നു.

പോയവർഷം എയർലൈൻസിന് 8.9 ബില്യൺ ഡോളറായിരുന്നു നഷ്ടം.

# മഹാത്മജിയുടെ പ്രതിമ നശിപ്പിച്ചതിൽ ഫൊക്കാന ന്യൂയോർക്ക് റീജിയൻ അപലപിച്ചു

- ജോയിച്ചൻ പുതുക്കുളം




ന്യൂയോർക്ക്: ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മജിയുടെ പ്രതിമ നശിപ്പിച്ചതിൽ ഫൊക്കാന ന്യൂയോർക്ക് റീജിയൻ അപലപിക്കുന്നതായി ഫൊക്കാന ന്യൂയോർക്ക് റീജിയണൽ മീറ്റിംഗ് പ്രമേയം പാസാക്കി.

ജനുവരി 31 ന് സൂം മീറ്റിംഗിലൂടെ ചേർന്ന ഫൊക്കാന ന്യൂയോർക്ക് റീജിയന്റെ പ്രഥമ മീറ്റിംഗിൽ ഫൊക്കാന വൈ സ് പ്രസിഡണ്ട് തോമസ് തോമസ് ആണ് പ്രമേയം പാസാ ക്കിയത്.

ഗാന്ധിജിയുടെ പ്രതിമകൾ ആഫ്രിക്ക, ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് മാറ്റണമെന്ന ആവശ്യവുമായി ആഫ്രിക്കയിലെ ഗാനയിൽ 2018ൽ ആരംഭിച്ച ക്യാമ്പയിന്റെ പ്രതിഫലനമായി ഇതിനെ കാണുന്നു.

ഈ സാഹചര്യത്തിൽ അമേരിക്കയിലെ യോജിക്കുന്ന എല്ലാ സംഘടനകളുമായും യോജിച്ച് പ്രവർത്തിച്ച് ഒരു ലക്ഷം പേരുടെ ഒരു ഓൺലൈൻ പരാതി യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസ്, കാലിഫോർണിയ അറ്റോർണി ജനറൽ, കാലിഫോർണിയ ഗവർണർ, യുഎസ് അറ്റോർണി ജനറൽ, യുഎസ് പ്രസിഡന്റ്, ഇന്ത്യൻ പ്രൈം മിനിസ്റ്റർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്താനും പ്രമേയത്തിലൂടെ തീരുമാനിച്ചു.

ഇതിന് ഉത്തരവാദികളായവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇതിന് മുൻകൈ എടുക്കാൻ ഫൊക്കാന നാഷണൽ കമ്മിറ്റിയോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

കോവിഡ് പ്രതിരോധം

ഭയമല്ല; കരുതലാണ് പ്രധാനം

# ഗാന്ധിപ്രതിമ തകർത്ത നടപടി പ്രതിഷേധാർഹമാണെന്ന് ഐ ഒ സി കേരള ചാപ്റ്റർ

- ജോയിച്ചൻ പുതുക്കുളം

ന്യൂജേഴ്സി: കാലിഫോർണിയയിലെ സാക്രമെന്റോ സിറ്റിയിലെ ഡേവിസ് സെൻട്രൽ പാർക്കിൽ സ്ഥാപിച്ചിരുന്ന മഹാത്മാ ഗാന്ധിജിയുടെ പ്രതിമ തകർത്ത നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് ഐ ഒ സി കേരള ചാപ്റ്റർ പ്രസിഡണ്ട് ലീല മാരേട്ട്. അഹിംസയുടെ മാർഗത്തിലൂടെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാവിന്റെ പ്രതിമ തകർത്തവരുടെ ലക്ഷ്യം ഇന്ത്യക്കാരോടുള്ള വെറുപ്പും വിദ്വേഷവുമാണെന്ന് ലീല മാരേട്ട് ആരോപിച്ചു.

അക്രമത്തിനെതിരായും സമാധാനത്തിന്റെ പാതയിലൂടെയും സഞ്ചരിച്ച മഹാത്മാ ഗാന്ധിയെ സമാധാനത്തിന്റെ ദൂതനായാണ് ലോക ജനത കാണുന്നത്. അദ്ദേഹത്തിന്റെ പ്രതിമയുടെ ശിരസോ കൈകളോ വിച്ഛേദിച്ചതുകൊണ്ട് അദ്ദേഹത്തോടുള്ള ഇന്ത്യക്കാരുടെ സ്നേഹവും ആദരവും അറുത്തുമാറ്റാമെന്നു ഇന്ത്യ വിരുദ്ധരായ അക്രമികൾ കരുതുന്നുണ്ടെങ്കിൽ അവർക്ക് തെറ്റുപറ്റിയെന്ന് പറഞ്ഞ ലീല ഗാന്ധിജിയുടെ സ്നേഹവും ആദർശവും നിറഞ്ഞ രൂപം ഒരൊറ്റ ഇന്ത്യക്കാരന്റെ പോലും ഹൃദയത്തിൽ നിന്ന് തുടച്ചു മാറ്റാൻ ആർക്കും കഴിയുകയില്ലെന്നും വ്യക്തമാക്കി.

ഇന്ത്യയുടെ അഖണ്ഡതയെ ശിഥിലീകരിക്കാൻ ശ്രമിക്കുന്ന ഇന്ത്യവിരുദ്ധമായ ഒരുകൂട്ടം സാമൂഹിക വിരുദ്ധർ ഗാന്ധിജിയുടെ സമാധി ദിനമായ ജനുവരി 30ന് തന്നെ ഗാന്ധി പ്രതിമ തച്ചുടച്ചത് രാഷ്ട്ര പിതാവിനെ അപമാനിക്കാനും ലോകം മുഴുവനുമുള്ള ഇന്ത്യക്കാരുടെ വികാരത്തെ വ്രണപ്പെടുത്താനുമാണെന്നും അവർ കുറ്റപ്പെടുത്തി.

അമേരിക്കയിലെ മുഴുവൻ ഇന്ത്യക്കാരെയും ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്ത നടപടിയായിരുന്നു ജനുവരി 30നു കാലിഫോർണിയയിൽ നടന്നത്. ഗാന്ധി പ്രതിമ തകർത്ത സാമൂഹ്യവിരുദ്ധരെ നിയമത്തിനു മുൻപിൽ കൊണ്ടുവന്ന് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഐ.ഒ.സി കേരള ചാപ്റ്റർ ആവശ്യപ്പെടുകയാണെന്നും ലീല കൂട്ടിച്ചേർത്തു.

# ചിക്കാഗോ അസോസിയേഷൻ ഇന്ത്യൻ കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു



- ജോഷി വള്ളിക്കളം

ചിക്കാഗോ: ചിക്കാഗോ അസോസിയേഷൻ ഇന്ത്യൻ കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. 250 മില്യൻ കർഷകരെ ദോഷകരമായി ബാധിക്കുന്ന നിയമത്തെ എതിർത്തുകൊണ്ട് ഇന്ത്യൻ തലസ്ഥാനത്ത് നടത്തുന്ന സമരത്തിന് അസോസിയേഷൻ പിൻതുണ പ്രഖ്യാപിച്ചു.

പാവപ്പെട്ട കർഷകരുടെ ഉല്പാദത്തിന് ഗവൺമെന്റ് താങ്ങുവില നൽകാതെ ഇടനിലക്കാർക്ക് വിൽക്കുവാൻ സാധിക്കാതെ വഴിമുട്ടിനിൽക്കുന്ന അവസരത്തിൽ കാർഷികോല്പന്നങ്ങൾ വൻകിട മുതലാളിമാർക്കു മാത്രമെ വിൽക്കാൻ സാധിക്കൂ എന്ന നിയമം കർഷകരെ നിത്യദാരിദ്ര്യത്തിലാക്കുമെന്ന് അസോസിയേഷൻ പ്രതിഷേധത്തിൽ പറയുന്നു.

പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോഷി വള്ളിക്കളം, ട്രഷറർ മനോജ് അച്ചേട്ടു, വൈസ് പ്രസിഡന്റ് ബാബു മാത്യു, ജോ.സെക്രട്ടറി സാബു കട്ടപ്പുറം, ജോ.ട്രഷറർ ഷാബു മാത്യു, സീനിയർ സിറ്റിസൺസിനുവേണ്ടി ജോസ് സൈമൺ മുണ്ടപ്ലാക്കിൽ, ലീല ജോസഫ്, മേഴ്സി കുര്യാക്കോസ്, യൂത്ത് പ്രതിനിധി കാൽവിൻ കവലയ്ക്കൽ എന്നിവർ പ്രതിഷേധിച്ചു.

# പ്രവാസി മലയാളി സമൂഹത്തിനു റിപ്പബ്ലിക് ദിനാശംസകളുമായി പദ്മശ്രീ ഡോ. യൂസഫലി




ചരിത്രത്തിൽ ആദ്യമായി മലയാളി സമൂ ഹം ഒത്തുചേർന്നു ആഘോഷിച്ച റിപ്പബ്ലിക് ദിനഘോഷത്തിൽ ഇന്ത്യൻ ഹൈകമ്മീഷൻ അജയ് ബിസാരിയ പതാക ഉയർത്തിയത് കനേഡിയൻ മലയാളി സമൂഹത്തിനു അഭി മാന നിമിഷമായി.

- ജോയിച്ചൻ പുതുക്കുളം

പ്രവാസി മലയാളി സമൂഹത്തിനു റിപ്പബ്ലിക് ദിനാശംസകൾ നേരുന്നതായി പദ്മ ഡോ.യൂസഫലി പറഞ്ഞു. നഫ്മ കാനഡയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട റിപ്പബ്ലിക് ദിനാഘോഷ പരിപാടികളിൽ മുഖ്യ പ്രഭാഷണം നടത്തുക ആയിരുന്നു അദ്ദേഹം.

കാനഡയിലെ ഇന്ത്യൻ ഹൈകമ്മീഷണർ അജയ് ബിഷാരിയ ദേശീയ പതാക ഉയർത്തി. ചരിത്രത്തിൽ ആദ്യമായി മലയാളി സമൂഹം ഒത്തുചേർന്നു ആഘോഷിച്ച റിപ്പബ്ലിക് ദിനഘോഷത്തിൽ ഇന്ത്യൻ ഹൈകമ്മീഷൻ അജയ് ബിസാരിയ പതാക ഉയർത്തിയത് കനേഡിയൻ മലയാളി സമൂഹത്തിനു അഭിമാന നിമിഷമായി. ഓൺലൈൻ ആയി കൂടിയ മീറ്റിങ്ങിൽ നഫ്മ കാനഡയുടെ നാഷണൽ പ്രസിഡണ്ട് കുര്യൻ പ്രക്കാനം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രസാദ് നായർ സ്വാഗതം പറഞ്ഞു.

യുവജനങ്ങളെ മുഖ്യധാരയിൽ കൊണ്ടുവരാൻ നഫ്മ കാനഡ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് ഡോ. യൂസഫ് അലി പറഞ്ഞു. നഫ്മ കാനഡയുടെ യൂത്ത് വിങ്ങിന്റെ പ്രവർത്തനോത്ഘാടനം മേയർ പാട്രിക് ബ്രൗൺ നിർവഹിച്ചു. നാഷണൽ യൂത്ത് കോർഡിനേറ്റേഴ്സ് ദിവ്യ അലക്സ്, റ്റാനിയ എബ്രഹാം, ഭാഗ്യശ്രീ കണ്ടൻചാത്ത, മെറിൽ വർഗീസ്, ഹന്നാ മാത്യു, റ്റാനിയ ചേർപ്പുകാരൻ തുടങ്ങിയ യുവജന നേതാക്കൾ സംസാരിച്ചു. യൂത്ത് വിംഗിനു എല്ലാ ആശംസകളും നേരുന്നതായി മേയർ പാട്രിക് ബ്രൗൺ പറഞ്ഞു. ദീപക് ആനന്ദ് എംപിപി, അമർജ്യോത് സന്ധു എം പി,ഡോ.രാജ പൻജാബി, ബൈഡൻ ടീമിന്റെ മലേറിയ പ്രോഗ്രാം തലവനായ ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ്, സെക്രട്ടറി ഡോ. സജിമോൻ ആന്റണി, പ്രമുഖ അമേരിക്കൻ പ്രവാസി നേതാവും ലോക കേരള സഭാംഗവുമായ പോൾ കറുകപ്പള്ളി തുടങ്ങിയവർ റിപ്പബ്ലിക് ദിനാശംസകൾ നേർന്നു.

നഫ്മ കാനഡയുടെ എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് രാജശ്രീ നായർ, നാഷണൽ വൈസ് പ്രസിഡന്റ് അജു ഫിലിപ്, നാഷണൽ വൈസ് പ്രസിഡന്റ് സുമൻ കുര്യൻ, നാഷണൽ സെക്രട്ടറിമാരായ ജോൺ കെ നൈനാൻ, ജോജി തോമസ്, മനോജ് ഇടമന, ട്രഷറർ സോമൻ സക്കറിയ, നാഷണൽ കമ്മറ്റി അംഗങ്ങളായ സിജു സൈമൺ, ജാസ്മിൻ മാത്യു, ജെറി ജോയ്, ബിജു ജോർജ് തുടങ്ങിയവർ ആശംസകൾ നേർന്നു.

സോനു ജോർജ്, മിതു മാത്യു തുടങ്ങിയവർ എംസി മാരായിരുന്നു. പ്രവീൺ തോമസ്, സഞ്ജയ് മോഹൻ, യോഗേഷ് ഗോപകുമാർ, ഡേവിസ് ഫെണാണ്ടസ്, ബിനു ജോഷ്വാ എന്നിവർ സൂം ടെക്നിക്കൽ കോർഡിനേഷൻ നിർവഹിച്ചു.

## ജനിതക മാറ്റം സംഭവിച്ച കൊറോണ വൈറസ് ബാധിച്ച് അമേരിക്കയിലെ ആദ്യ മരണം ന്യൂജേഴ്സിയിൽ

**- പി.പി. ചെറിയാൻ**

ന്യൂജേഴ്സി: അതിമാരകമായ ജനിതക മാറ്റം സംഭവിച്ച കൊറോണ വൈറസ് ബാധിച്ച് അമേരിക്കയിലെ ആദ്യ മരണം ന്യൂജേഴ്സിയിൽ റിപ്പോർട്ട് ചെയ്തു. മരിച്ച വ്യക്തിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

സംസ്ഥാന ഹെൽത്ത് കമ്മീഷണർ ജൂഡി പേർഹലി ബുധനാഴ്ചയാണ് വിവരം മാധ്യമങ്ങൾക്ക് നൽകിയത്. മരിച്ച വ്യക്തി അടുത്തിടെയൊന്നും വിദേശയാത്ര നടത്തിയിട്ടില്ല. അതിവേഗത്തിൽ വ്യാപിക്കുന്ന കോവിഡ് വേരിയന്റ് ഇതിനകം തന്നെ ന്യൂജേഴ്സിയിൽ എട്ടുപേരിൽ സ്ഥിരീകരിച്ചിട്ടുണ്ട്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ കോവിഡ് വേരിയന്റ് വ്യാപനം തുടരുകയാണെന്നും ഇതുവരെ 328 പേരിൽ സൂപ്പർ കോവിഡ് സ്ഥിരീകരിച്ചതായും ജൂഡി അറിയിച്ചു. സാധാരണ കോവിഡിനേക്കാൾ 70 മടങ്ങ് വ്യാപനശേഷിയുണ്ട് വൈറസിന്റെ വകഭേദത്തിന്. മാത്രമല്ല മുപ്പത് ശതമാനത്തിലേറെ മരണം വിതയ്ക്കാവുന്ന വൈറസാണിതെന്നും അവർ കൂട്ടിച്ചേർത്തു.

അതിമാരകമായ വൈറസിനെ എങ്ങനെ നേരിടുമെന്നതാണ് പുതിയ ഭരണകൂടത്തിനെ അലട്ടുന്ന മുഖ്യപ്രശ്നം. കോവിഡ് വാക്സീൻ എത്രയും വേഗം എല്ലാവർക്കും ലഭിക്കുമെന്ന് ഉറപ്പാക്കുകയാണ് സർക്കാരിന്റെ പ്രഥമ കർത്തവ്യമെന്ന് ന്യൂജേഴ്സി ഗവർണർ ഫിൽമർഫി പറഞ്ഞു.

## ലാസ്‌വെഗാസിലെ മലയാളി അസോസിയേഷന് പുതിയ നേതൃത്വം



ലാസ്‌വെഗാസ്: കേരള അസോസിയേഷൻ ഓഫ് ലാസ് വെഗാസിനു സാറാ ജോർജ് പ്രസിഡന്റായി പുതിയ ഭരണസമിതി നിലവിൽ വന്നു.

രണ്ടരപതിറ്റാണ്ടു പിന്നിട്ട അസോസിയേഷൻ ഇരുപത്തിയേഴാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്.

ജോസ് ഫ്രാൻസിസ് (വൈസ് പ്രസിഡന്റ്), വീണ കൃഷ്ണകുമാർ (സെക്രട്ടറി), മാത്യു കുര്യൻ (ട്രഷറർ), ലിബി ചാക്കോ (കൾച്ചറൽ സെക്രട്ടറി), മായ അനിൽകുമാർ (പബ്ലിക് റിലേഷൻസ്), സാബു കുമാരൻ (സ്പോർട്സ്, ഗെയിംസ്) ജോളി ഓണാട്ട് (ജോയിന്റെ സെക്രട്ടറി), മനു മാത്യു (ജോയിന്റ് കൾച്ചറൽ സെക്രട്ടറി), സജിൻ ജോസഫ് (ജോയിന്റ് സെക്രട്ടറി), അനിൽ കുമാർ (ഐടി സപ്പോർട്ട്), കൃഷ്ണകുമാർ (സോഷ്യൽ മീഡിയ) എന്നിവരാണ് ഭാരവാഹികൾ

കൂടുതൽ വിവരങ്ങൾക്ക്

സാറാ ജോർജ് (702 349 0174), വീണ കൃഷ്ണകുമാർ (702 427 4694)

## ഡാളസ്സ് കേരള അസ്സോസിയേഷൻ ടാക്സ് സെമിനാർ വിജ്ഞാനപ്രദമായി

**- പി പി ചെറിയാൻ**

ഡാളസ്സ്: ഇന്ത്യ കൾച്ചറൽ എഡ്യുക്കേഷൻ സെന്ററും, ഡാളസ്സ് കേരള അസ്സോസിയേഷനും സംയുക്തമായി ജനുവരി 23 ശനിയാഴ്ച വൈകിട്ട് 3.30 മുതൽ സൂം പ്ലാറ്റഫോം വഴി സംഘടിപ്പിച്ച ടാക്സ് സെമിനാർ വിജ്ഞാനപ്രദമായി.

ഡാളസ്സിലെ അറിയപ്പെടുന്ന ഐ ആർ എസ് ഓഡിറ്റർ ഹരിപിള്ള നിലവിലുള്ള ടാക്സിന്റെ വിവിധ വശങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചു. ടാക്സ് സെമിനാറിൽ പങ്കെടുത്തവരുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകുകയും ചെയ്തു. ചർച്ചയിൽ ഐ. വർഗീസ്, എ പി ഹരിദാസ്, ജോസ് ഓച്ചാലിൽ, അനശ്വർ മാമ്പിള്ളി, ചെറിയാൻ ചൂരനാട്, ദീപ സണ്ണി, സാബു മാത്യു, ഫ്രാൻസിസ് തോട്ടത്തിൽ, ദീപക് നായർ, ലേഖ നായർ, റോയ് കൊടുവത്തു, പീറ്റർ നെറ്റോ, രാജൻ ഐസക്, സിജു കൈനിക്കര, മാത്യു കോശി, ജോയ് ആന്റണി, സെബാസ്റ്റ്യൻ, ബോബൻ കൊടുവത്തു തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു

അസോസിയേഷൻ പ്രസിഡന്റ് ഡാനിയേൽ കുന്നേൽ സ്വാഗതവും ഇന്ത്യ കൾച്ചറൽ എഡ്യുക്കേഷൻ സെക്രട്ടറി ജോർജ് ജോസഫ് വിലങ്ങോലിൽ നന്ദിയും പറഞ്ഞു

## മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ ദൈവാലയത്തിൽ മൂന്നുനോമ്പ് ആചരിച്ചു



**- ജോയിച്ചൻ പുതുക്കുളം**

ചിക്കാഗോ: മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ ദൈവാലയത്തിൽ ജനുവരി 25, 26, 27 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ മൂന്നു നോമ്പും പുറത്ത് നമസ്കാരവും ഭക്തി നിർഭരമായി ആചരിച്ചു.

മൂന്നുനോമ്പ് ദിവസങ്ങളിൽ വൈകിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയും പ്രത്യേക പ്രാർത്ഥനയും നടത്തിയിരുന്നു. 27-ാം തീയതി ബുധനാഴ്ച വൈകിട്ട് നടന്ന ഭക്തി സാന്ദ്രമായ പുറത്ത് നമസ്കാര പ്രാർത്ഥനക്ക് ഇടവക വികാരി മോൺ.തോമസ് മുളവനാൽ മുഖ്യകാർമികത്വം വഹിച്ചു. ബഹു. ഫാ. എബ്രഹാം മുത്തോലത്ത് വചന സന്ദേശം നൽകി. അന്നേ ദിവസം നടന്ന വിശുദ്ധ ബലിയിൽ ഫാ. ജോണിക്കുട്ടി പുലിശ്ശേരി മുഖ്യകാർമ്മികൻ ആയിരുന്നു.

അതിപുരാതനകാലം മുതൽ കടുത്തുരുത്തി വലിയ പള്ളിയിലെ ചരിത്രപ്രസിദ്ധമായ കരിങ്കൽ കുരിശിന്റെ ചുവട്ടിൽ മൂന്നു നോമ്പിനോട് അനുബന്ധിച്ച് നടത്തിവരുന്ന സായാഹ്ന പ്രാർത്ഥനയാണ് പുറത്തു നമസ്കാരം. അമേരിക്കയിൽ കുടിയേറിയ കടുത്തുരുത്തി പ്രദേശവാസികളുടെ നേതൃത്വത്തിൽ ചിക്കാഗോ സെന്റ് മേരീസ് ദൈവാലയത്തിലും ആണ്ടുതോറും മൂന്നുനോമ്പും പുറത്തു നമസ്കാര പ്രാർത്ഥനയും നടത്തി വരുന്നു. യോനാ പ്രവാചകന്റെ പ്രസംഗം ശ്രവിച്ച്, മനസ്താപിച്ച്, പാപപരിഹാരം ചെയ്ത നിനവേ നിവാസികൾ ദൈവ ശിക്ഷയിൽ നിന്നും രക്ഷ പ്രാപിച്ചതിനെ അനുസ്മരിച്ചുകൊണ്ട് അനുതാപത്തോടെയും പ്രായശ്ചിത്തത്തോടെയും തെറ്റുകൾ ക്ഷമിച്ച് ദൈവ കരുണ ഉണ്ടാകുവാൻ വിശ്വാസികളുടെനാഥാ കനിയണമേഎന്നുള്ള നിലവിളി പ്രാർത്ഥനയാണ് പുറത്തു നമസ്കാരത്തിന്റെ ഉള്ളടക്കം.

അനിൽ മറ്റത്തിൽകുന്നേൽ ഇടവക ഗായക സംഘത്തിന് നേതൃത്വം നല്കി. ചർച്ച് എക്സിക്യൂട്ടീവ്സ്, സിസ്റ്റേഴ്സ്, അൾത്താര ശുശ്രൂഷകർ എന്നിവർ ചടങ്ങുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കോവിഡിന്റെ പശ്ചാത്തലത്തിൽ വിശ്വാസികൾക്ക് ഭവനങ്ങളിൽ ഇരുന്ന് ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ കെ.വി.ടി.വി തൽസമയ സംപ്രേഷണം നടത്തി. മത്തച്ചൻ ചെമ്മാച്ചേലിന്റെ നേതൃത്വത്തിൽ പള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ കൽകുരിശിന്റെ ചുവട്ടിൽ 53 തിരി നാളങ്ങളിൽ എണ്ണയൊഴിച്ച് പ്രാർത്ഥിക്കുവാൻ ഉള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

## ഒക്‌ലഹോമയിൽ 5 കുട്ടികൾ ഉൾപ്പെടെ 6 പേർ കൊല്ലപ്പെട്ടു. കുടുംബാംഗങ്ങൾ സഹായം അഭ്യർത്ഥിക്കുന്നു

**- പി.പി.ചെറിയാൻ**

**വെടിവയ്പിൽ ഗുരുതരമായി പരിക്കേറ്റ മാതാവിന്റെ സഹോദരിയാണ് ഇവർക്കുവേണ്ടി ഗൊ ഫണ്ടു മീ അക്കൗണ്ട് തുറന്നിരിക്കുന്നത്.**

ഒക്‌ലഹോമ: ഒക്‌ലഹോമ മസക്കോയിലെ വീട്ടിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ അഞ്ചു കുട്ടികളുടെയും ഒരു പുരുഷന്റെയും കുടുംബാംഗങ്ങൾ ശവസംസ്കാരത്തിനും മറ്റു ചെലവുകൾക്കുമായി സഹായം അഭ്യർത്ഥിക്കുന്നു. വെടിവയ്പിൽ ഗുരുതരമായി പരിക്കേറ്റ മാതാവിന്റെ സഹോദരിയാണ് ഇവർക്കുവേണ്ടി ഗൊ ഫണ്ടു മീ അക്കൗണ്ട് തുറന്നിരിക്കുന്നത്.

ചൊവ്വാഴ്ചയായിരുന്നു സംഭവം. വെടിവയ്പ്പ് നടക്കുന്നുവെന്ന വിവരം ലഭിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ പോലീസ് വെടിയുതിർക്കുന്ന ജറോന്നെ(25) പിടികൂടി. പരിക്കേറ്റ മാതാവിനെയും ഒരു കുട്ടിയേയും ആശുപത്രിയിലെത്തിച്ചുവെങ്കിലും കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.



**ചരമം**

# REST IN PEACE

## ഡെയ്സിയാമ്മ ഫിലിപ്പ്



ഹൂസ്റ്റൺ: മലയാള മനോരമ പത്രാധിപ സമിതി അംഗമായിരുന്ന കുമളി അണക്കര മണപ്പള്ളിൽ പി.എസ്. ഫിലിപ്പിന്റെ ഭാര്യ ഡെയ്സിയാമ്മ ഫിലിപ്പ് (63) ഹൂസ്റ്റനിൽ നിര്യാതയായി.

മെഡിക്കൽ ഫിസിസിസ്റ്റും ബെയ്‌ലർ കോളജ് അഡ്ജംക്ട് അസിസ്റ്റന്റ് പ്രൊഫസറുമാണ് ഫിലിപ്പ്. റാന്നി ചേത്തക്കൽ കൈതമംഗലത്ത് കെ.ടി. വർഗീസിന്റെയും മറിയക്കുട്ടി വർഗീസിന്റെയും പുത്രിയാണ് ഡെയ്സിയാമ്മ ഫിലിപ്പ്. മുംബൈ എസ്.എൻ.ഡി.ടി. കോളജിൽ നിന്ന് ബി.എസ്സി നഴ്സിംഗ് പാസായി. ഹ്യൂസ്റ്റനിൽ ലിൻഡൻ ബി ജോൺസൺ ഹോസ്പിറ്റലിൽ ആർ.എൻ. ആയിരുന്നു.

മക്കൾ: ഡോ. ആഷർ ഫിലിപ്പ് (റെജീന); അക്സ ഫിലിപ്പ്. എമിലിയ ഡെയ്സി ഫിലിപ്പ് കൊച്ചു മകളാണ്.

സഹോദരർ: തോമസ് വർഗീസ് (ജോർജ്കുട്ടി, ന്യുയോർക്ക്), ജസ്റ്റിൻ കൈതമംഗലം (സണ്ണി, ന്യുയോർക്ക്), ജിജി വർഗീസ് (റവ. വിത്സൺ വർഗീസ്, ലൂസിയാന), അനു വർഗീസ് (ബിജൻ, ന്യുയോർക്ക്)

**– ജോയിച്ചൻ പുതുക്കുളം**

## ജോൺ ടി വട്ടച്ചാണക്കൽ



ഷിക്കാഗോ: ആദ്യകാല മലയാളി മാങ്ങാനം വട്ടച്ചാണേൽ ജോൺ ടി. വട്ടച്ചാണക്കൽ ഷിക്കാഗോയിൽ നിര്യാതനായി. ദീർഘകാലം അമേരിക്കയിലും ഓസ്ട്രേലിയയിലും സാമൂഹികപ്രവർത്തകനും കൗൺസിലറുമായിരുന്നു.

ഭാര്യ: മാങ്ങാനം നാഗപുരത്ത് മേഴ്സി.

മക്കൾ: നെടുങ്ങാടപ്പള്ളി പൂവത്തുമൂട്ടിൽ റോണി, മല്ലപ്പള്ളി വലിയവീട്ടിൽ വിജയ്, ഹെക്ടർ (എല്ലാവരും യു.എസിൽ)

## മാത്യു എം കോവൂർ



ഡാളസ്: മാത്യു എം കോവൂർ (81) ഡാലസിൽ നിര്യാതനായി.

ഭാര്യ: നെടുമ്പാശ്ശേരി വയലിപറമ്പിൽ പരേതയായ ഏലിയാമ്മ കുര്യൻ.

ഡാളസ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൻ ഇടവകാംഗമാണ് പരേതൻ.

മക്കൾ: ലെറോയ്, ഡോൺ, ലിൻസി

മരുമക്കൾ: മറീന, സഞ്ജയ് (എല്ലാവരും യു എസ്)

സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ ശുശ്രൂഷയെ തുടർന്ന് ജനുവരി 30ന് സണ്ണിവെയിൽ ന്യൂ ഹോപ്പ് ഫ്യൂണറൽ ഹോമിൽ സംസ്കാരം നടന്നു.

അനുശോചനത്തിന്
സഞ്ജയ്: 214 336 7052

**– മാർട്ടിൻ വിലങ്ങോലിൽ**

## ജമി ജോർജ്



ചിക്കാഗോ: വരാപ്പുഴ മഴുവഞ്ചേരി കുടുംബാംഗം ജോർജ് ചാക്കപ്പന്റെ മകൾ ജമി ജോർജ് (24) ചിക്കാഗോയിൽ നിര്യാതയായി.

ഫാർമസി രണ്ടാം വർഷ വിദ്യാർത്ഥിയായിരുന്നു. രണ്ടു വർഷത്തോളമായി കാൻസർ ചികിത്സയിലായിരുന്നു.

അമ്മ റാണി ജോർജ് കേരളത്തിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥയായിരുന്നു. ഏക സഹോദരൻ ജിക്സൻ ഇമ്മിഗ്രന്റായി എത്താനിരിക്കവെയാണ് സഹോദരിയുടെ അന്ത്യം സംഭവിച്ചത്. സീറോ മലബാർ ചർച്ച് അംഗമാണ്.

## തോമസ് കണിയാലിയുടെ ഭാര്യാമാതാവ്



ഫ്ളോറിഡ: കൈപ്പുഴ നരിച്ചിറയിൽ പരേതനായ തോമസിന്റെ ഭാര്യ അന്നക്കുട്ടി (96) ഫ്ളോറിഡയിലെ താമ്പയിൽ ഫെബ്രുവരി 10ന് നിര്യാതയായി. പുന്നത്തുറ വയലിൽ കുടുംബാംഗമാണ്.

മക്കൾ: ത്രേസ്യാക്കുട്ടി വെട്ടത്തുകണ്ടത്തിൽ (ചിക്കാഗോ), മേരി ചെരിവുപറമ്പിൽ (അറ്റ്ലാന്റാ), സെലിൻ കുശക്കുഴിയിൽ (പുന്നത്തുറ), ലീല കാവിൽ (ഫ്ളോറിഡ), വത്സ കളത്തിൽകരോട്ട് (ഫ്ളോറിഡ), റോസിലി കണ്ണച്ചാൻ പറമ്പിൽ (ഫ്ളോറിഡ), ലൂസി കണിയാലി (ചിക്കാഗോ).

മരുമക്കൾ: ജോർജ് വെട്ടത്തുകണ്ടത്തിൽ, പരേതനായ തോമസ് ചരിവുപറമ്പിൽ, ജോസ് കുശക്കുഴിയിൽ, ജിമ്മി കാവിൽ, പരേതനായ ലൂക്കോസ് കളത്തിൽകരോട്ട്, അലക്സ് കണ്ണച്ചാൻപറമ്പിൽ, ജോസ് കണിയാലി.

ഫെബ്രുവരി 13 ശനിയാഴ്ച രാവിലെ 11 മുതൽ 12 വരെ താമ്പാ സേക്രട്ട് ഹാർട്ട് ക്നാനായ കാത്തലിക് ദേവാലയത്തിൽ പൊതുദർശനം. ശുശ്രൂഷയെ തുടർന്ന് ഹിൽസ്ബറോ മെമ്മോറിയൽ സെമിത്തേരിയിലെ ക്നാനായ ഗാർഡൻസിൽ സംസ്കാരം.

## ഏലിയാമ്മ ചെറിയാൻ പുളിന്തിട്ട



ഹൂസ്റ്റൺ: ഇലവുംതിട്ട പുളിന്തിട്ട പരേതനായ പി.സി. ചെറിയാന്റെ ഭാര്യ ഏലിയാമ്മ ചെറിയാൻ (90 വയസ്) നിര്യാതയായി. പരേത ആറന്മുള തുണ്ടിയത്ത് കുടുംബാംഗമാണ്.

മക്കൾ: ചെറിയാൻ പി. ചെറിയാൻ(റോയ്), പുളിന്തിട്ട. സി. ജോർജ് (ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മാ ഇടവക അക്കൗണ്ട്സ് ട്രസ്റ്റി), ജോസ് പുളിന്തിട്ട (ഷാർജ)

മരുമക്കൾ: വത്സ ചെറിയാൻ, എമിലി ജോർജ് (ഹൂസ്റ്റൺ) ബിജു ഏബ്രഹാം (ഷാർജ)

കൊച്ചുമക്കൾ: സുമോദ്, വിനോദ്, റോഷിനി, ജെന്നി, ജെൻസി, സിന്ധ്യ, സിൻസാ, ജ്യോതി.

സ്വാതന്ത്ര്യ സമര സേനാനിയും മുൻ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റും എംഎൽഎയുമായിരുന്ന പരേതനായ അഡ്വ.പി.സി.ജോർജ്, മാർത്തോമാ സഭ മുൻ സെക്രട്ടറി പരേതനായ റവ. പി.സി ജോസഫ് എന്നിവർ ഭർതൃസഹോദരങ്ങളാണ്.

സംസ്ക്കാരശുശ്രൂഷകളും സംസ്ക്കാരവും: ഫെബ്രുവരി 17 ബുധനാഴ്ച രാവിലെ 10 മണിക്ക് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം ഇലന്തൂർ പുളിന്തിട്ട മാർത്തോമാ ദേവാലയത്തിൽ വച്ച് ചെന്നൈ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പയുടെ മുഖ്യ കാർമികത്വത്തിൽ നടത്തും.

അനുശോചനത്തിന്
പി.സി.ജോർജ് (ഹൂസ്റ്റൺ) 713 471 0982
റോയ് (ഇന്ത്യ) 0091 904 879 2953

**– ജീമോൻ റാന്നി**

## ഡാനിയേൽ തോമസ്



ഡാളസ്: വലിയേല മൈലാപ്പള്ളി വീട്ടിൽ തോമസ് ഡാനിയേൽ (74) ഫെബ്രുവരി 10ന് ഡാളസിൽ നിര്യാതനായി.

ഭാര്യ പരേതയായ ലില്ലിക്കുട്ടി.

മക്കൾ: ബ്ലെസി എബ്രഹാം, ജോൺസൺ മുതലാളി (ഇരുവരും ഡാളസിൽ), അലക്സ് മുതലാളി (ദുബായ്).

മരുമക്കൾ: പാസ്റ്റർ എം.സി. എബ്രഹാം, ജോജി, വിജി. പരേതൻ ഡാളസിലെ ഹെബ്രോൻ പെന്തക്കോസ്തൽ ഫെലോഷിപ്പ് അംഗമായിരുന്നു.

സംസ്കാരം പിന്നീട്.

## കെ.ജെ.ജോർജ് കല്ലാട്ട്



കോട്ടയം: മോനിപ്പള്ളി സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ കെ.ജെ. ജോർജ് കല്ലാട്ട് (93) നിര്യാതനായി. പരതേയായ ഏലിയാമ്മ ജോർജ് (കരിമറ്റം) ആണ് ഭാര്യ.

മക്കൾ: പരേതയായ ലൗസിയ മിക്കി മർക്കോസ് കടുതോടിൽ, പരേതനായ ജോസഫ് ജൂഡ്, ലീന അലക്സ് ചെമ്മലക്കുഴി മോനിപ്പള്ളി, ലിൻസി ജമ്മി കണിയാലി (ചിക്കാഗോ), പരേതനായ ജൂഡിച്ചൻ.

പേരക്കുട്ടികൾ: ജോർജ് മിക്കി ആന്റ് അനിത (ഓസ്ട്രേലിയ), പരേതനായ പ്രതീഷ് മിക്കി കടുംതോടിൽ, എവിൻ അലക്സാണ്ടർ ആന്റ് ജിസ്മി (ജർമ്മനി), ജോർജ് അലക്സാണ്ടാർ, ജിതിൻ കണിയാലി ആന്റ് ജോർജിൻ കലിയാലി (ചിക്കാഗോ)

സഹോദരങ്ങൾ: പരേതയായ അന്നക്കുട്ടി കാരിമറ്റം, പരേതനായ കെ.ജെ.ജോസഫ്, പരേതയായ മേരി സൈമൺ മംഗലത്ത്, എബ്രഹാം കല്ലാട്ട്, ചിന്നമ്മ ജോസഫ് നെടുംചേരിൽ (ന്യൂയോർക്ക്), തോമസ് കല്ലാട്ട് (ന്യൂയോർക്ക്), ചാക്കോ കല്ലാട്ട് (മോനിപ്പള്ളി), ബോബി കല്ലാട്ട് (ഫ്ളോറിഡ), വത്സ ടോമി വലിയനിലത്ത് (ന്യൂയോർക്ക്)

സംസ്കാരം പിന്നീട്

Times of American Malayali . com
സാംസ്കാരികം
മാസിക
georgethazhakara@gmail.com